

# Vidya students develop mobile app to help autistic children

A team of NSS volunteers of Vidya together with members of the Developer Students Club of Vidya developed  a mobile app named  “Kootu” for easier and efficient communication between mentally challenged children and their parents. The app was launched by Honourable Minister for Agriculture Sri V S Sunil Kumar at CRDAC Autism Center, Thrissur on 06 June 2019.



**On the app**

Kootu was developed as a response to demands from the parents

and teachers of autistic children. Autistic children face a lot of problems when it comes to communication. What Kootu does is to provide a provision for parents to photograph objects like different kinds of food, different persons like family members, or any other items and save a voice recording of the name and other information about the item. The child is given the app and using it he/she can select an option and based on the visual representation the related audio is played. This helps them register an image of the same in their mind and at the same time learn from the audio played in the voice of someone they are familiar with.

**The developers**

The students behind the development of the app were Shaheen N S, Hemanth Janesh, Sharma Radhika Ramesh, Lakshmi Vadakootu, Uthara Uthaman and Namitha Babu. Dr Sudha Balagopalan (Dean-Academics) and Mr Anil Melepurath (NSS Program Officer) extended their support for the app development.

---

# കൂട്ടുകാർക്കിതാ 'കൂട്ട്'

**മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി കോളേജ് വിദ്യാർഥികളുടെ 'കൂട്ട്' ആപ്**




മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് ആശയവിനിമയം എളുപ്പത്തിലാക്കാൻ മൊബൈൽ ആപ് വികസിപ്പിച്ചിരിക്കുകയാണ് തൃശൂർ വിദ്യ എൻജിനീയറിങ് കോളജിലെ ഒരു കൂട്ടം വിദ്യാർഥികൾ.

[illegible]



തലക്കോട്ടുകര വിദ്യ എൻജിനീയറിങ് കോളജ് വിദ്യാർഥികൾ വികസിപ്പിച്ച 'കൂട്ട്' മൊബൈൽ ആപ് മന്ത്രി വി.എസ്. സുനിൽകുമാർ രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കുമായി പരിചയപ്പെടുത്തുന്നു

CS CamScanner

### ഓട്ടിസം സെന്റർ പ്രവേശനോത്സവം

# ഭിന്നശേഷി വിദ്യാർഥികൾക്കായി ആദ്യ ഹോർട്ടികൾച്ചർ തെറാപ്പി ഉദ്യാനം തുറന്നു

> **പത്തുവർഷത്തെ ഗവേഷണത്തിലൂടെ കണ്ടെത്തിയ ഈ നൂതന ചികിത്സാ രീതി മറ്റു വിദ്യാലയങ്ങളിലേക്കുകൂടി വ്യാപിപ്പിക്കും**

**തൃശൂർ**

സംസ്ഥാന കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവകലാശാലയുടെയും കോളജ് ഓഫ് അഗ്രികൾച്ചർ ഡിപ്പോർട്ട്മെന്റ് ഓഫ് കമ്യൂണിറ്റി സയൻസ് വെള്ളായണി, തിരുവനന്തപുരത്തിന്റെയും നേതൃത്വത്തിൽ ഭിന്നശേഷി വിദ്യാർഥികൾക്കായി ഹോർട്ടികൾച്ചർ തെറാപ്പി ഉദ്യാനത്തിന്റെ ഉദ്ഘാടനം മന്ത്രി വി എസ് സുനിൽ കുമാറും കുട്ടികളും ചേർന്ന് ചെടികൾ നനച്ച് നിർവഹിച്ചു. മേയർ അജിത വിജയൻ അധ്യക്ഷയായി. കേരളത്തിലെ ആദ്യത്തെ സംരംഭമാണിതെന്നും പത്തുവർഷത്തെ ഗവേഷണത്തിലൂടെ കണ്ടെത്തിയ ഈ നൂതന ചികിത്സാ രീതി മറ്റു വിദ്യാലയങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. യന്ത്രങ്ങളുടെ യാന്ത്രികതയ്ക്കൊപ്പം മണ്ണിനെ സ്നേഹിക്കുകയും പരിചരിക്കുകയും ചെയ്യുന്നതിലൂടെ കുട്ടിയുടെ ശാരീരികവും മാനസികവുമായ വ്യക്തിത്വ വികസനമാണ് ലക്ഷ്യമിടുന്നത്.

വിദ്യ സയൻസ് ആൻഡ് ടെക്നോളജിയിലെ വിദ്യാർഥികൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി നൂതന സാങ്കേതിക വിദ്യയായ മൊബൈലിൽ വിരൽ തൊട്ട് അവരുടെ ഇഷ്ടങ്ങളെ മാതാപിതാക്കളെ അറിയിക്കുന്നതിന് സഹായകമായ രീതിയിൽ 'കൂട്ട്' എന്ന ആപ്പ് വികസിപ്പിച്ചെടുത്തു. ഇതിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ഓട്ടിസം സെന്റർ പ്രവേശനോത്സവ ഉദ്ഘാടനവും പങ്കെടുത്ത എല്ലാ കുട്ടികൾക്ക് മൊമന്റോയും വിത്തുവിതരണവും ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ ബിന്ദു പരമേശ്വരൻ നിർവഹിച്ചു. വെള്ളായണി കാർഷിക സർവകലാശാല അസോ. പ്രൊഫ. ആൻഡ് പ്രിൻസിപ്പൽ ഡോ. ജി കെ ബേല



അരണാട്ടുകര ജിയുപി സ്കൂളിൽ തെറാപ്പി ഉദ്യാനം ഉദ്ഘാടനം ചെയ്ത മന്ത്രി വി എസ് സുനിൽകുമാറിൽ നിന്നും ഫലകത്തിന്റെ ചരട് പിടിച്ചുവാങ്ങി വിദ്യാർഥി അനാഛാദനം ചെയ്യുന്നു

പദ്ധതി വിശദീകരിച്ചു. കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു, കൃഷി വകുപ്പ് ഡയറക്ടർ പി കെ ജയശ്രീ, കാർഷിക സർവകലാശാല ഡീൻ ഡോ. എ അനിൽ കുമാർ, കൗൺസിലർ പ്രിൻസി രാജു, പ്രിൻസിപ്പൽ കൃഷി ഓഫീസർ അനിത കരുണാകരൻ, എസ്എസ്കെ ജില്ലാ പ്രോഗ്രാം ഓഫീസർ വി പി മുഹമ്മദ് ഷാജുദ്ദീൻ, ഡയറ്റ് ഫാക്കൽറ്റി അംഗം എൻ കെ രമേഷ് , ടെലിവിഷൻ അവതാരക റെമി മനു, അരണാട്ടുകര ജിയുപിഎസ് പ്രധാന അധ്യാപിക ടി ടി ലിസി എന്നിവർ സംസാരിച്ചു. യുആർസി, ബിപിസിസി ബെന്നി ജേക്കബ് സ്വാഗതവും ട്രെയ്നർ കല്ലകം രാജൻ നന്ദിയും പറഞ്ഞു. ഇതോടനുബന്ധിച്ച് ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ വ്യക്തിത്വ വികസനം, ഉദ്യാന പ്രവർത്തന രീതി എന്നീ വിഷയങ്ങളിൽ ഡോ. ജി കെ ബേല, റീജിണൽ അഗ്രി. റിസർച്ച് സ്റ്റേഷൻ അസിസ്റ്റന്റ് പ്രൊഫ. ഡോ ബി രഞ്ജൻ എന്നിവരുടെ നേതൃത്വത്തിൽ സെമിനാറുകളും നടന്നു.